## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2091 | 10.10.2011 - ൽ മറുപടിക്ക് |
|---|---|

**മരുന്നുകളുടെ പരസ്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി: | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചില മരുന്നുകളുടെയും കാപ്സ്യൂളുകളുടെയും തൈലങ്ങളുടെയും കിഴികളുടെയും പരസ്യങ്ങൾ പത്ര ദൃശ്യ മാധ്യമങ്ങളിൽ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ ശാസ്ത്രീയ വശവും ഗുണനിലവാരവും സംബന്ധിച്ച് എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; | (ബി) | പുതിയ ആയൂർവ്വേദ പേറ്റന്റ് ആന്റ് പ്രൊപ്രൈറ്ററി ഔഷധങ്ങളുടെ ഉൽപ്പാദന ലൈസൻസ് നൽകുവാൻ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ടിലെ ആറാം അമെന്റ്മെന്റ് പ്രകാരം (2010) ക്ലീനിക്കൽ സ്റ്റഡി, സേഫ്റ്റി സ്റ്റഡി, ഗുണനിലവാര പരിശോധനാ റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതുണ്ട്. അപ്രകാരം ഹാജരാക്കുന്ന രേഖകൾ ഗവൺമെന്റ് രൂപീകരിക്കുന്ന ഏഴംഗ വിദഗ്ദ്ധ സമിതി പരിശോധിച്ച് വിലയിരുത്തിയതിനുശേഷം മാത്രമേ ഉൽപ്പാദന ലൈസൻസ് നൽകുകയുള്ളൂ. കൂടാതെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതും വിറ്റഴിക്കുന്നതുമായ ആയൂർവ്വേദ ഔഷധങ്ങളുടെ റാന്റം സാമ്പിളുകൾ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ശേഖരിച്ച് ക്വാളിറ്റി അഷ്വറൻസിനായി ടെസ്റ്റിംഗിനു വിധേയമാക്കുകയും ഗുണനിലവാരം ഉറപ്പാക്കാത്ത ഉൽപ്പന്നങ്ങളുടെ നിർമ്മാതാവിനെതിരെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആന്റ് റൂൾസ് പ്രകാരം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ മരുന്നുകൾ നിർമ്മിച്ച് പരസ്യം ചെയ്ത് വില്പന നടത്തുന്നതിന് ഏതെങ്കിലും സർക്കാർ വകുപ്പുകളുടെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (സി) | ആയുർവ്വേദ ഔഷധങ്ങൾ വിപണനത്തിനായി ഉൽപ്പാദിപ്പിക്കുന്നതിന് ആയുർവ്വേദ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ ആന്റ് ലൈസൻസിംഗ് അതോറിറ്റി (കേരളം) യുടെ ലൈസൻസ് ആവശ്യമാണ്. പരസ്യങ്ങൾ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് ഒബ്ജക്ഷണബിൾ അഡ്വൈർടൈസ്മെന്റ് ആക്ട് ലംഘിക്കുകയാണെങ്കിൽ ആയതിന്മേൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമനടപടികൾ എടുക്കുന്നുണ്ട്. |
| (ഡി) | എങ്കിൽ ഇപ്പോൾ ദൃശ്യമാധ്യമങ്ങളിൽ കണ്ടുവരുന്ന ഇത്തരം മരുന്നുകളുടെ ശാസ്ത്രീയ വശവും അതിൽ ഉപയോഗിച്ചിരിക്കുന്ന വസ്തുക്കളും അവയുടെ പ്രവർത്തനങ്ങളും സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളെ ബോധ്യപ്പെടുത്തി ഉല്പാദന വിപണന അനുമതി വാങ്ങിയിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; | (ഡി) | ആയുർവ്വേദ ഔഷധങ്ങൾ ഒന്നിലധികം പച്ചില മരുന്നിന്റേയും അങ്ങാടി മരുന്നിന്റേയും ചേരുവകൾ ആയതിനാൽ ഓരോ ഉൽപ്പന്നത്തിലും അടങ്ങിയിരിക്കുന്ന ആക്ടീവ് ഇൻഗ്രീഡിയൻസ് വ്യത്യസ്തമായ രീതിയിൽ ആയിരിക്കും. എന്നാൽ ഉൽപ്പന്നങ്ങളിൽ അടങ്ങിയിരിക്കുന്ന സ്റ്റീറോയിഡിന്റെ അംശം, ലോഹാംശങ്ങൾ എന്നിവ ശാസ്ത്രീയമായി തിരിച്ചറിയുവാൻ സാധിക്കും. ഓരോ ഔഷധ ഉൽപ്പാദകരും അവർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഔഷധങ്ങളുടെ ഫോർമുല തയ്യാറാക്കി ക്ലീനിക്കൽ സ്റ്റഡി റിപ്പോർട്ട്, സേഫ്റ്റി സ്റ്റഡി റിപ്പോർട്ട്, ഗുണനിലവാര പരിശോധനാ റിപ്പോർട്ട് എന്നിവ നൽകിയാൽ മാത്രമേ ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്ന് അനുമതി നൽകുകയുള്ളൂ. കൂടാതെ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ് ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ച് പരസ്യം ചെയ്യുന്ന എല്ലാ മരുന്നു കമ്പനികൾക്കുമെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ ഡ്ഗ്സ് കൺട്രോൾ വകുപ്പിന് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്ത് വ്യാജ വൈദ്യന്മാരും വ്യാജമരുന്നുകളും വലിയ തോതിൽ പ്രചരിക്കുന്നതായി കരുതുന്നുണ്ടോ; എങ്കിൽ വ്യാജ മരുന്നുകളെയും വ്യാജ വൈദ്യന്മാരെയും നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ലൈസൻസ് ഇല്ലാതെ വ്യാജ ഔഷധങ്ങൾ വിൽപ്പനയ്ക്കായി നിർമ്മിക്കുന്നത് നിന്ത്രിക്കുവാൻ വേണ്ടി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഇൻസ്പെക്ടർമാർ റെയ്ഡ്, ഇൻസ്പെക്ഷൻ മുതലായവ നടത്തുന്നുണ്ട്. വ്യാജ ഔഷധങ്ങൾ നിർമ്മിക്കുകയും വിപണനം ചെയ്യുന്നതും സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചാൽ ഉടൻ തന്നെ സ്ഥല പരിശോധന നടത്തി നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ